**സബ്മിഷൻ**

(1) എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമുക്കെല്ലാവർക്കും അറിയാവുന്നതിനാൽ എൻഡോസൾഫാന്റെ ചരിത്രത്തെക്കുറിച്ചൊന്നും ഞാനാവർത്തിക്കുന്നില്ല. എൻഡോസൾഫാൻ ഇരകൾ ഇപ്പോഴും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുകയാണ്. കേരളത്തിന്റെ നോവായി അവർ നിൽക്കുകയാണ്. അവരുടേതല്ലാത്ത കുറ്റത്തിന് ജീവിതത്തിൽ വലിയ യാതനകൾ നേരിടേണ്ടിവന്നവർക്ക് അവകാശങ്ങൾ നേടിയെടുക്കാൻ തെരുവിൽ ഇറങ്ങേണ്ട ദുരവസ്ഥയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

2016 ജനുവരിയിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരത്തെത്തുടർന്നുണ്ടായ ധാരണയിൽ ദുരിതബാധിതർക്കായി മെഡിക്കൽ ക്യാമ്പ് പ്രഖ്യാപിച്ചു. ഏഴായിരത്തോളം അപേക്ഷകരിൽ 4738 പേർക്ക് അനുമതി ലഭിക്കുകയും അതിൽ 1905 പേരെ ദുരിതബാധിതരായി കണ്ടെത്തുകയും ചെയ്തുവെങ്കിലും ഫൈനൽ ലിസ്റ്റ് വന്നപ്പോൾ അത് 287 പേർ മാത്രമായി. പിന്നീട് സർക്കാരുമായിട്ടുള്ള

ചർച്ചയെത്തുടർന്ന് 76 പേരെക്കൂടി കൂട്ടിച്ചേർത്തു. 2019 ജനുവരി 30 മുതൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ അമ്മമാർ ഏറ്റെടുത്ത അനിശ്ചിതകാല പട്ടിണി സമരത്തെത്തുടർന്ന് 1905-ൽ നിന്ന് 18 വയസ്സിൽ താഴെയുള്ള 511 പേരെക്കൂടി ഈ ദുരിതബാധിതരുടെ ലിസ്റ്റിലുൾപ്പെടുത്തി. ഇനിയിപ്പോൾ ബാക്കിയുള്ള 1031 പേരുടെ കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി അവരിൽ അർഹരായവരെ ഇതിൽ ഉൾക്കൊള്ളിക്കാമെന്നൊരു വാക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2019-ലെ ചർച്ചയിൽ നൽകിയിരുന്നുവെങ്കിലും അതുസംബന്ധിച്ച യാതൊരു നടപടിയും ഇതുവരെ സ്വീകരിക്കുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

2011-നുശേഷം ജനിക്കുന്ന കുട്ടികളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കില്ലെന്ന വിചിത്രമായ ഒരു ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചു. 5 ജനറേഷൻ വരെ ഇത് നീണ്ടുനിൽക്കുമെന്ന് പറയുന്നതിനാലും ഇത് ജനറ്റിക്ക് പ്രശ്നമായി മാറുന്നതിനാലും 2011-നുശേഷം ജനിക്കുന്ന കുട്ടികളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ കഴിയില്ലെന്നുള്ള ഉത്തരവ് പിൻവലിക്കണം. അതുപോലെ ദുരിതബാധിതർക്ക് പര്യാപ്തമായ

ചികിത്സാസൗകര്യങ്ങൾ ഇതുവരെയും ഒരുക്കിയിട്ടില്ല. അവിടെയുള്ള മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ശരിയായ ചികിത്സാ സംവിധാനങ്ങളില്ല, മെഡിക്കൽ കോളേജിൽ അനുബന്ധ സൗകര്യങ്ങളില്ല, ഒ.പി. അല്ലാതെ ഐ.പി. സംവിധാനമില്ല, സ്കാൻ ചെയ്യണമെങ്കിൽ പരിയാരം മെഡിക്കൽ കോളേജിൽ പോകേണ്ട സ്ഥിതിയാണുള്ളത്, ആരോഗ്യസംവിധാനങ്ങളൊന്നുമില്ല. പുനരധിവാസ പദ്ധതികളെ മുഴുവൻ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെൽ രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടത് ഒരു വർഷത്തിലധികമായിട്ടും ചേർന്നിട്ടില്ല. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്കും കിടപ്പിലായ എൻഡോസൾഫാൻ ദുരിതബാധിതർക്കും 2200 രൂപ പെൻഷനും മറ്റുള്ള രോഗികൾക്ക് 1200 രൂപ പെൻഷനും ലഭിക്കുന്നതാണ്. എന്നാൽ വികലാംഗ പെൻഷൻ ലഭിക്കുന്നു എന്നതിന്റെ പേരിൽ 500 രൂപ കിടപ്പുരോഗികളിൽനിന്നും വെട്ടിക്കുറച്ച ഒരു നടപടികൂടിയുണ്ടായിട്ടുണ്ട്. ഈ പ്രദേശത്ത് ഗുരുതരമായി വരുന്ന ആരോഗ്യപ്രശ്നങ്ങൾ പഠിക്കാനുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കണം. 2011-നുശേഷം ജനിക്കുന്ന കുട്ടികളെ ദുരിതബാധിതരുടെ

പട്ടികയിൽപ്പെടുത്തില്ലെന്നുള്ള നിലപാട് മാറ്റണമെന്നതാണ് എന്റെ അഭ്യർത്ഥന. കൂടാതെ മുഖ്യമന്ത്രി വാക്ക് നൽകിയതനുസരിച്ച് 1031 പേരെ പരിശോധന നടത്തി അതിൽ അർഹരായവർക്കുകൂടി ചികിത്സാ സഹായം കൊടുക്കാനുള്ള തീരുമാനമെടുക്കുകയും പെൻഷൻ കുറവ് വരുത്തിയ നടപടി പിൻവലിക്കുകയും വേണം. ഈ 1031 പേരിൽ ഒരു വീട്ടിൽ തന്നെയുള്ള രണ്ടുംമൂന്നും പേരുണ്ട്. പാവപ്പെട്ട അമ്മമാർക്ക് ഈ കുട്ടികളുടെ അടുത്തുനിന്നും മാറിനിൽക്കാൻ സാധിക്കില്ല. പക്ഷേ അവർ കുട്ടികളെ വീട്ടിലാക്കി ഇപ്പോഴും കാഞ്ഞങ്ങാട് സമരത്തിലാണ്. ജീവിക്കാൻ നിവൃത്തിയില്ലാത്തതിനാലും മരുന്നും മറ്റെല്ലാ പ്രശ്നങ്ങളുമെല്ലാം അലട്ടുന്നതുകൊണ്ടും ഈ ദുരിതബാധിതരെ ലിസ്റ്റിലുൾപ്പെടാത്തതിനാൽ കഷ്ടതകൾ അനുഭവിക്കുന്നതിനാൽ അടിയന്തരമായി മനുഷ്യത്വപരമായ പ്രശ്നമായികണ്ട് ഇതിൽ ഇടപെടണം. അർഹതയില്ലാത്ത ഒരാൾക്കുപോലും കൊടുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നില്ല; പക്ഷേ അർഹരായ ഒരാൾക്കുപോലും നീതി നിഷേധിക്കരുതെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്നും നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കശുമാവ് തോട്ടങ്ങളിൽ 1978 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ എൻഡോസൾഫാൻ കീടനാശിനി തളിച്ചത് ദോഷകരമായി ബാധിച്ച 11 ഗ്രാമപഞ്ചായത്തുകളിലെയും ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 2016 മുതൽ 2023 വരെയുള്ള കാലഘട്ടങ്ങളിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരമുള്ള 5 ലക്ഷം രൂപയുടെ ധനസഹായമുൾപ്പെടെ സംസ്ഥാന സർക്കാർ ആകെ 456,19,38,840 രൂപ 2010 മുതൽ 2017 വരെ നടത്തിയ വിവിധ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ വഴി എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 6600 വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരോട് എൽ.ഡി.എഫ്. സർക്കാർ എന്നും അനുഭാവപൂർണ്ണമായ സമീപനമാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് ഇതിൽനിന്നും വ്യക്തമാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചത് ഡി.വൈ.എഫ്.ഐ. എന്ന യുവജന സംഘടനയാണ്. എൻഡോസൾഫാൻ ദുരന്തത്തിന് കാരണമായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട തിരുവനന്തപുരം സബ് കോടതി മുമ്പാകെ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സൗജന്യമായി ചികിത്സയും സ്പെഷ്യലിസ്റ്റ് സേവനങ്ങളും മരുന്നുകളും തെറാപ്പികളുമുൾപ്പെടെയുള്ള ചികിത്സാ സംബന്ധിയായ എല്ലാ സൗകര്യങ്ങളും നൽകിവരുന്നുണ്ട്. അതുകൂടാതെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ 10 ബഡ്സ് സ്കൂളുകളെ ആവശ്യമായ ആധുനിക സൗകര്യങ്ങളൊരുക്കി ഓരോ കുട്ടിയുടെയും വ്യക്തിഗത പുനരധിവാസ പദ്ധതിയനുസരിച്ച് സേവനം ഉറപ്പുവരുത്താൻ കഴിയുന്നവിധത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളായി ഉയർത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 6

ബഡ്സ് സ്കൂളുകളെ എം.സി.ആർ.സി.-കളായി ഉയർത്തുകയും ബാക്കി 4 ബഡ്സ് സ്കൂളുകളെ എം.സി.ആർ.സി.-കളാക്കി ഉയർത്തുന്നതിന്റെ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫെബ്രുവരി അവസാനവാരത്തോടെ ഈ നാലെണ്ണം കൂടി തുറന്നുകൊടുക്കുന്നതോടെ ജില്ലയിലെ 10 സ്കൂളുകളും മോഡൽ ചൈൽഡ് റീ-ഹാബിലിറ്റേഷൻ സെന്റർ ആകും.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുരോഗതി ലക്ഷ്യമാക്കി വിഭാവനം ചെയ്ത കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസഗ്രാമത്തിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചു. ക്ലിനിക്കൽ സൈക്കോളജി കൺസൾട്ടിംഗ് ആൻഡ് ഹൈഡ്രോ തെറാപ്പി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയായിട്ടുള്ളത്. ഫെബ്രുവരി അവസാനവാരം ഇവ തുറന്നുകൊടുക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ കാസർഗോഡ് ജില്ലയ്ക്ക് വലിയ പ്രാധാന്യം നൽകിക്കൊണ്ട് ഈ

സർക്കാരിന്റെ കാലയളവിൽ രണ്ട് ന്യൂറോളജിസ്റ്റിന്റെ തസ്തികകൾ സൃഷ്ടിക്കുകയും അതിനുള്ള പരിശോധനാ സംവിധാനം ഒരുക്കുകയുമുണ്ടായി. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിന്റെയും കാഞ്ഞങ്ങാട് അമ്മയും കുഞ്ഞും ആശുപത്രിയുടെയും നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കാസർഗോഡ് Tata Trust ആശുപത്രി സ്ഥിതിചെയ്യുന്നിടത്ത് സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിന് തീരുമാനിച്ചതനുസരിച്ച് റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ളതും കെട്ടിടനിർമ്മാണത്തിനായി 23 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് മന്ദഗതിയിലായിരുന്ന കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവൃത്തികൾ ഊർജ്ജിതമാക്കുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്നും മെഡിക്കൽകോളേജിന്റെ അനുബന്ധ നിർമ്മാണപ്രവൃത്തികൾക്കായി 160 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പുതിയ സർക്കാർ നഴ്സിംഗ് കോളേജ് അനുവദിക്കുകയും മെഡിക്കൽ കോളേജിൽ ഒ.പി. പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കിടത്തി ചികിത്സ

ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആരോഗ്യവകുപ്പ് ഒട്ടനവധി നടപടികൾ അവിടെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാത്തിന്റെയും വിശദാംശങ്ങൾ ഇവിടെ അവതരിപ്പിക്കുന്നില്ല.

എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ പുതിയ ആളുകളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി 2022 ഡിസംബറിൽ അപേക്ഷ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 20000 പുതിയ അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പുതുതായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളവർക്ക് അതത് സമയങ്ങളിൽ അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്

സൗകര്യമുണ്ടെന്ന കാര്യം കൂടി അറിയിക്കുന്നു.

## ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം

ശ്രീ. പി. നന്ദകുമാർ: സർ, നമ്മുടെ തൊഴിൽ സേനയിൽ വലിയൊരു വിഭാഗമായി മാറിക്കൊണ്ടിരിക്കുന്നവരാണ് ഗിഗ്ഗ് തൊഴിലാളികൾ. ഇന്ത്യയിൽ 23 ദശലക്ഷത്തിലധികം തൊഴിലാളികൾ ഈ മേഖലയിൽ ഇന്ന് തൊഴിൽ എടുക്കുന്നുണ്ട്. ഇന്ത്യൻ ഗിഗ്ഗ് ഇക്കോണമിയിൽ 455 ബില്യൺ ഡോളറിന്റെ വ്യാപാരമാണ് ഇവർ കൈകാര്യം ചെയ്യുന്നത്. കേരളത്തിലും അതിവേഗത്തിൽ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവരുടെ അവസ്ഥയെ സംബന്ധിച്ച് വി.വി.ഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠനം നടത്തിയിട്ടുണ്ട്. നവലിബറൽ കാലഘട്ടത്തിന്റെ സംഭാവനയാണ് ഈ തൊഴിൽ മേഖല. വീടുകളിൽ ഭക്ഷണ സാധനങ്ങൾ, മരുന്ന്, മറ്റ് ഉല്പന്നങ്ങൾ എന്നിവ എത്തിക്കൽ, ഓൺ ലൈൻ ടാക്സി, ഐ.ടി., തുടങ്ങി നിരവധി മേഖലകളിൽ ഇവർ ജോലി ചെയ്യുന്നുണ്ട്. ആമസോൺ, സൊമാറ്റോ, സ്വിഗ്ഗി, ഫ്ലിപ് കാർട്ട്, യൂബർ, Ola തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഇന്ന് നമ്മുടെ നാട്ടിലും സജീവമായിട്ടുണ്ട്. കമ്പനി പാർണർമാരെന്നാണ് ഇവരെ വിളിക്കുന്നത്. ഇവരുടെ ഉടമ

ആരാണെന്ന് ഒരു തൊഴിലാളിക്കും അറിയില്ല. ഇവർ ഉപയോഗിക്കുന്ന വാഹനം, യൂണിഫോം, മൊബൈൽ ഫോൺ, തൊഴിൽ ബാഗ് എന്നിവയെല്ലാം ഇവർ സ്വന്തമായി പണം മുടക്കി വാങ്ങുന്നു. ഇവർക്ക് തൊഴിൽ സമയമില്ല. പ്രാഥമികമായ ആവശ്യത്തിനുള്ള സൗകര്യം പോലുമില്ല. ഒരുതരത്തിലുമുള്ള സുരക്ഷിതത്വമോ, നിയമ വ്യവസ്ഥയോ ഇവർക്ക് ബാധകമല്ല. ലക്ഷക്കണക്കിന് വരുന്ന ഈ തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും അവർക്ക് സുരക്ഷിതത്വം ഏർപ്പെടുത്തുന്നതിനും ഒരു നിയമനിർമ്മാണം കൊണ്ടുവരികയെന്നത് ഒരു ജനാധിപത്യ സർക്കാരിനെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. അവർക്കുള്ള ക്ഷേമ പദ്ധതികൾക്ക് രൂപം നൽകണം. അതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വളരുന്ന സമ്പത്ത് വ്യവസ്ഥയിലും ആധുനിക സേവന മേഖലയിലും ഒഴിച്ചുകൂടാനാകാത്ത ഒരു പ്രധാന വിഭാഗമാണ് ഗിഗ്ഗ് വർക്കർമാർ. സമ്പത്ത് വ്യവസ്ഥയിൽ അവരുടെ പ്രാധാന്യവും ആധുനിക ജീവിത സൗകര്യങ്ങളും

പ്രയാസ രഹിതമാക്കിത്തീർക്കുന്നതിൽ അവർക്കുള്ള പങ്ക് സർക്കാർ തിരിച്ചറിയുന്നുണ്ട്. പാർലമെന്റ് പാസ്സാക്കിയ സോഷ്യൽ സെക്യൂരിറ്റി കോഡ് 2020-ന്റെ വകുപ്പ് 2 (35) പ്രകാരം പരമ്പരാഗതമായ തൊഴിലാളി-തൊഴിൽ ഉടമ ബന്ധമില്ലാത്ത ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് അതിൽനിന്നും വരുമാനം കണ്ടെത്തുന്ന തൊഴിലാളികളെ ഗിഗ്ഗ് വർക്കർ തൊഴിലാളികളെന്നും വകുപ്പ് 2(60) പ്രകാരം പരമ്പരാഗതമായ തൊഴിലാളി-തൊഴിലുടമ ബന്ധത്തിന്റെ പരിധിക്ക് പുറത്ത് വ്യക്തികളോ, ഓർഗനൈസേഷനുകളോ ഒരു ഓൺലൈൻ പ്ലാറ്റ് ഫോം ഉപയോഗിച്ചുകൊണ്ട് മറ്റുള്ള ഓർഗനൈസേഷനുമായോ വ്യക്തികളുമായോ ബന്ധം സ്ഥാപിച്ച് പ്രത്യേക സേവനങ്ങൾ പ്രദാനം ചെയ്യുകയോ പ്രശ്നങ്ങൾ പരിഹരിച്ച് കൊടുക്കുകയോ ചെയ്യുന്ന തരം തൊഴിലിനെ പ്ലാറ്റ് ഫോം തൊഴിലെന്നും ഇതേ നിയമത്തിലെ വകുപ്പ് 2 (61) പ്രകാരം ഇത്തരം തൊഴിൽ ചെയ്യുന്നവരെ പ്ലാറ്റ് ഫോം തൊഴിലാളികളെന്നും നിർവ്വചിച്ചിട്ടുണ്ട്. മേൽ രണ്ടുവിഭാഗം തൊഴിലാളികൾക്കും വേണ്ടി വകുപ്പ് 113 പ്രകാരം ഒരു രജിസ്ട്രേഷൻ സംവിധാനവും വകുപ്പ് 114 പ്രകാരം ഇത്തരം തൊഴിലാളികൾക്കായി കേന്ദ്ര സർക്കാരിന് ക്ഷേമ പദ്ധതികൾ

ആവിഷ്കരിക്കാനാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കോഡിന്റെ വകുപ്പ് 6(1) പ്രകാരം രൂപീകരിക്കുന്ന നാഷണൽ സോഷ്യൽ സെക്യൂരിറ്റി ബോർഡിനായിരിക്കും ഗിഗ്ഗ് ആൻഡ് പ്ലാറ്റ്ഫോം വർക്കേഴ്സ് ക്ഷേമ പദ്ധതികളുടെ നടത്തിപ്പ് ചുമതലയെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സോഷ്യൽ സെക്യൂരിറ്റി കോഡ് 2020 നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. ആയതിനാൽ ഗിഗ്ഗ് വർക്കർമാരുടെയും അവർക്ക് തൊഴിൽ നൽകുന്ന പ്രാഥമിക തൊഴിൽ ഉടമകളുടെയും ക്രമീകരണത്തിന് നിലവിൽ ഒരു നിയമനിർമ്മാണവുമില്ല. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന വിഭാഗമാണെങ്കിലും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതി അംഗീകരിച്ചിട്ടുള്ള തൊഴിൽ ദിനങ്ങളിൽ ഗിഗ്ഗ് വർക്കേഴ്സിനെ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ ഗിഗ്ഗ് വർക്കർമാരുടെ തൊഴിൽ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും തൊഴിൽ നിലവാരവും ക്ഷേമ പ്രവർത്തനങ്ങളും ഉറപ്പുവരുത്തിയും അവരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമായി സർക്കാർ കാണുകയാണ്. ടി തൊഴിലാളികളുടെ

സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യങ്ങൾക്കുവേണ്ടി ഒരു ക്ഷേമനിധിയും ക്ഷേമനിധി ബോർഡും രൂപീകരിക്കുന്നതിനായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സ് രജിസ്ട്രേഷനും ക്ഷേമവും ബിൽ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ബില്ലിലൂടെ പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർഗ്ഗക്കാരുടെയും അഗ്രഗേറ്റർമാരുടെയും പ്രാഥമിക തൊഴിൽ ഉടമകളുടെയും രജിസ്ട്രേഷൻ ചുമതലകൾ പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാർക്കുവേണ്ടിയുള്ള തർക്കപരിഹാര സംവിധാനവും ക്ഷേമനിധിയും സെസ്സും ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചാലുള്ള ശിക്ഷകൾ, കുറ്റങ്ങൾ തീർപ്പാക്കൽ എന്നിവയും ഉൾപ്പെടുത്താവുന്നതാണ്. പ്രസ്തുത ബില്ലിൽ അഗ്രഗേറ്റർ എന്നാൽ വാങ്ങുന്ന ആളിനുവേണ്ടിയുള്ള ഒരു ഡിജിറ്റൽ ഇട നിലയോ അല്ലെങ്കിൽ വിൽപ്പനക്കാരനുമായി ബന്ധപ്പെടുന്നതിനുവേണ്ടി ഒരു സേവനം ഉപയോഗിക്കുന്ന ആളോ അല്ലെങ്കിൽ സേവന ദാതാവോയെന്ന് അർത്ഥമാക്കുന്നതിലും അതിൽ സേവനം നൽകുന്നതിനുവേണ്ടിയുള്ള ഒന്നോ അല്ലെങ്കിൽ ഒന്നിലധികമോ അഗ്രഗേറ്ററിനെ നിയന്ത്രിക്കുന്ന ഏതെങ്കിലും ഒരു സ്ഥാപനം ഉൾപ്പെടുന്നതുമാണ്. കേരള സംസ്ഥാന പ്ലാറ്റ്ഫോം

അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷൻ ക്ഷേമവും) ബിൽ നിയമമാകുന്ന മുറയ്ക്ക് ഗിഗ് വർഗ്ഗർ പ്ലാറ്റ് ഫോം തൊഴിലാളികൾ എന്നിവരുടെ സുരക്ഷിതത്വം ക്ഷേമം, രജിസ്ട്രേഷൻ എന്നിവ ഉറപ്പുവരുത്തുവാൻ സാധിക്കുന്നതുമാണ്. വളരെ പ്രധാനപ്പെട്ട സബ്മിഷനാണ് ശ്രീ. പി. നന്ദകുമാർ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിൽ ഇതുവരെ ഈ രംഗത്ത് വർക്ക് ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം ആരുമെടുത്തിട്ടില്ല. ഈ രംഗത്ത് വനിതകൾ ഉൾപ്പെടെ നിരവധി ചെറുപ്പക്കാരാണ് പ്രവർത്തിക്കുകയാണ്. ലക്ഷക്കണക്കിനുവരുന്ന ചെറുപ്പക്കാരാണ് അവരുടെ ജോലിയെന്ന നിലയിൽ ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അവർക്ക് ഒരു സംരക്ഷണവും ഒരു ഭാഗത്തുനിന്നും ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ടൊരു കാര്യം. തീർച്ചയായും ശ്രീ. പി. നന്ദകുമാർ കൊണ്ടുവന്ന ഈ സബ്മിഷൻ വർത്തമാന കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് കേരളത്തിൽ ഈ നിലയിൽ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്നത് സംബന്ധിച്ച് കണക്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നഗരങ്ങളിൽ തണലുള്ള പ്രദേശങ്ങളിൽ

ധാരാളം തൊഴിലാളികൾ ജോലി ലഭിക്കുന്നതിനുവേണ്ടി ഇരുചക്രവാഹനങ്ങളിൽ കാത്തുനിൽക്കുന്ന സ്ഥിതി നമുക്ക് കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. പി. നന്ദകുമാർ ഇവിടെ ഉന്നയിച്ചത്. ഇവർക്കുവേണ്ടി നിയമനിർമ്മാണം നടത്തുന്നത് ആലോചിക്കുന്നതാണ്. ഇവർക്ക് മറ്റ് എന്തെല്ലാം തരത്തിലുള്ള സംരക്ഷണം കൊടുക്കാൻ സാധിക്കുമോ ആ സംരക്ഷണം മുഴുവൻ നൽകുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന കാര്യംകൂടി ഞാൻ ഇവിടെ അറിയിക്കുകയാണ്.

## കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടം ഏതുസമയത്തും തകർന്നുവീഴുമെന്ന നിലയിലായിരിക്കുന്നു. പൊതുമരാമത്ത് സാങ്കേതിക വിദഗ്ധർ പരിശോധിച്ച് അൺഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഒരു വർഷത്തിലധികമായി വാടക കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള 15.5 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി കെട്ടിടം

പണിയുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നതാണ് എന്റെ സബ്മിഷൻ. പ്രസ്തുത ആവശ്യത്തിനായി 18-7-2022-ൽ 323/കെ.പി.ബി.എ./2022 പ്രകാരം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. കൂത്തുപറമ്പ് എ.ഇ.ഒ. ഉചിത മാർഗ്ഗേന പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സെക്ഷനിൽ ഫയലിൽ ഇതുസംബന്ധിച്ച നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി ഫണ്ടനുവദിച്ചിട്ടില്ല. കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള 72 പ്രൈമറി വിദ്യാലയങ്ങളുടെയും 7 ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രസ്തുത ഓഫീസിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. അങ്ങ് പറഞ്ഞാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫണ്ട് അനുവദിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):

സർ, നമ്മുടെ സംസ്ഥാനത്ത് എ.ഇ.ഒ., ഡി.ഇ.ഒ ഓഫീസ് എന്നിവ വളരെ പ്രധാനപ്പെട്ട ഓഫീസുകളാണുള്ളത്. ഭൂരിപക്ഷം വരുന്ന എ.ഇ.ഒ, ഡി.ഇ.ഒ മാർക്കും സഞ്ചരിക്കുന്നതിനുവേണ്ടി വാഹനങ്ങളില്ല. വിദ്യാലയങ്ങളിൽ ഇൻസ്പെക്ഷനുപോകുന്നതും അവരുടെ സ്വന്തം നിലയിലാണ്. കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പ്രവർത്തനക്ഷമമല്ലെന്ന പൊതുമരാമത്ത് വകുപ്പിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലത്തിൽനിന്ന് കണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും, 1,03,44,000 രൂപയുടെ എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ട്. എന്നാൽ നിലവിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ നിർമ്മാണത്തിന് ഒരു ശീർഷകത്തിലും പൊതുവിദ്യാഭ്യാസ വകുപ്പിന് 2023-24 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

ആയതിനാൽ കുത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് ധനകാര്യവകുപ്പുമായി ആലോചിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമം കൂട്ടായി നടത്താമെന്നാണ് സൂചിപ്പിക്കാനുള്ളത്.

## കുരിയാടിയിൽ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ ഹാർബർ പുനരുദ്ധാരണവും

ശ്രീമതി കെ. കെ. രമ: സർ, ഫിഷിംഗ് ഹാർബറുകളുടെ കുറവും നിലവിലെ ഫിഷിംഗ് ഹാർബറുകൾ നവീകരിക്കാത്തതിനാലും വടകര മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് ഈ സബ്മിഷൻ. തിക്കോടി മുതൽ ധർമ്മടം വരെയുള്ള ഏകദേശം അയ്യായിരത്തോളം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ആയിരക്കണക്കിന് മറ്റ് തൊഴിലാളികളും ഉപജീവനം നടത്തിവരുന്ന കേരളത്തിലെ പ്രധാനപ്പെട്ട മത്സ്യബന്ധന തുറമുഖങ്ങളിലൊന്നാണ് ചോമ്പാൽ ഹാർബർ. എന്നാലിന്ന് പരാധീനതകളുടെ നടുവിലാണ് ഈ ഹാർബർ. കാലങ്ങളായി ഇവിടെ യഥാസമയം മെയിന്റനൻസ് നടക്കുന്നില്ല. മൂന്നുവർഷത്തിലധികമായി ഡ്രഡ്ജിംഗ് നടക്കാത്തതുകാരണം തോണി മറിഞ്ഞുള്ള അപകടങ്ങൾ

ഇവിടെ പതിവാകുകയാണ്. ഇവിടെത്ത ഫിംഗർ ജെട്ടിയുടെ നിർമ്മാണം അശാസ്ത്രീയമാണ്. ഇതുകാരണം അറ്റകുറ്റപ്പണികൾക്കായി ബോട്ടുകൾ കരയിലേയ്ക്ക് കയറ്റാനോ കരയിൽനിന്നും വെള്ളത്തിലേയ്ക്കിറക്കാനോ സാധിക്കുന്നില്ല. അതുപോലെ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വലകളുടെയും മറ്റ് ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുന്നില്ല. കടലിലും കടൽത്തീരത്തും വച്ച് അപകടത്തിപ്പെടുന്നവർക്ക് പ്രഥമ ശുശ്രൂഷ നൽകാനുള്ള സംവിധാനംപോലും ഇവിടെയില്ല. ഹാർബറിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നൊരു ആരോഗ്യ സബ്സെന്റർ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. ഇക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ തീരമേഖലയിലുണ്ടാകാറുള്ള ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കാനായി ശക്തമായൊരു പോലീസിംഗ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യവുമുണ്ട്. ഇവിടെ ഐസ് പ്ലാന്റും മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ഇവ ഉടൻതന്നെ പ്രവർത്തക്ഷമമാക്കണമെന്ന ആവശ്യമുണ്ട്. കൂടാതെ ഹാർബർ

പ്രദേശത്ത് ആവശ്യമായ വെളിച്ചമില്ലാത്തതിനാൽ രാത്രികാലങ്ങളിൽ മയക്കമരുന്ന് ഉപയോഗംപോലുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിക്കുകയാണ്. വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം, ഡീസൽ ബങ്ക് എന്നിങ്ങനെ ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സുഗമമായി ചെയ്യുന്നതിനാവശ്യമായ നിരവധി ആവശ്യങ്ങളാണ് ചോമ്പാൽ ഹാർബറുമായി ബന്ധപ്പെട്ടുള്ളത്. അതുപോലെ വടകരയിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മറ്റൊരു പ്രധാന പ്രദേശമാണ് കുരിയാടി. അവിടെ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കണമെന്നത് കാലങ്ങളായിട്ടുള്ള ആവശ്യമാണ്. ഇവിടെ തുറമുഖം നിർമ്മിക്കുന്നത് സംബന്ധിച്ച പഠനം നടത്താനായി 2015-ൽ 59 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിന്റെ പഠനം നടന്നുവരികയാണെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ പ്രസ്തുത പഠനം നിർത്തിവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നാണ് ഇപ്പോഴറിയുന്നത്. ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. പഠനം പൂർത്തിയാക്കി കുരിയാടി മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സർക്കാരിന്റെ

ഭാഗത്തുനിന്നുമുണ്ടാകണം. ഈ പ്രശ്നങ്ങളെല്ലാം തീരദേശവാസികൾ വളരെ വിശദമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനാൽ അദ്ദേഹത്തിന് ഇക്കാര്യങ്ങൾ അറിയാവുന്നതാണ്. ഈ രണ്ട് ഹാർബറുകളുടെ കാര്യത്തിലും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വടകര മണ്ഡലത്തിലെ ചോമ്പാൽ മത്സ്യബന്ധന തുറമുഖം 1999-ലാണ് കമ്മീഷൻ ചെയ്തത്. പ്രധാനമായും പരമ്പരാഗത വള്ളങ്ങൾക്കും ഒ.ബി.എം. ഘടിപ്പിച്ച വള്ളങ്ങൾക്കും വേണ്ടിയാണ് ഈ തുറമുഖം നിർമ്മിച്ചത്. നിർമ്മാണശേഷം പല ഘട്ടങ്ങളിലായി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാർക്കിംഗ് ഏരിയ, ലോ ലെവൽ ജെട്ടി എന്നിവ വികസിപ്പിച്ചിട്ടുണ്ട്. പരിപാലനത്തിന്റെ ഭാഗമായുള്ള ഡ്രഡ്ജിംഗ് പ്രവൃത്തി മൂന്നുമുതൽ നാല് വർഷം കൂടുമ്പോഴാണ് നടത്താറുള്ളത്. അവസാനമായി ഡ്രഡ്ജിംഗ് നടത്തിയത് 2021 ജൂൺ മാസത്തിലാണ്. ഫിഷിംഗ് ഹാർബർ ബേസിൻ മുഴുവനായി ഡ്രഡ്ജ് ചെയ്യുന്നതിന് 5.25 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നു.

25-08-2023-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പദ്ധതിക്ക് അംഗീകാരം നൽകിയതിനെത്തുടർന്ന് PMMSY (Pradhan Mantri Matsya Sampada Yojana) പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകാരത്തിനായി 5-9-2023-ലെ B1/250/2023/F&PD നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലെ ഫിംഗർ ജെട്ടി നിലവിൽ മത്സ്യത്തൊഴിലാളികൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ഫിംഗർ ജെട്ടിയിലേയ്ക്ക് വാഹനങ്ങൾ കയറ്റുന്നതിന് വിലക്കുണ്ട്. വാഹനങ്ങൾ ജെട്ടിയിൽനിന്നും വെള്ളത്തിലേയ്ക്ക് മറിയാനുള്ള സാധ്യത കൂടുതലായതിനാലാണ് സ്റ്റെപ്പുകൾ നിർമ്മിച്ച് വാഹന ഗതാഗതം നിരോധിച്ചിരിക്കുന്നത്. നിലവിലുള്ള സ്റ്റെപ്പുകൾക്ക് പകരം റാമ്പുകൾ നിർമ്മിക്കാൻ മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സുരക്ഷാകാരണങ്ങളാൽ പ്രസ്തുത ആവശ്യം അംഗീകരിക്കാൻ സാധിക്കില്ല. നിലവിൽ ആരോഗ്യ വകുപ്പിന്റെ ജനകീയ ആരോഗ്യ കേന്ദ്രം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആരോഗ്യ കേന്ദ്രം നിർമ്മിക്കാനുള്ള നടപടി ആരോഗ്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഓഫീസ് കെട്ടിടത്തിലാണ് കോസ്റ്റൽ പോലീസ് പ്രവർത്തിക്കുന്നത്. കോസ്റ്റൽ പോലീസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ്. പഴയ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിന് അർദ്ധസർക്കാർ സ്ഥാപനമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ചോമ്പാൽ ഹാർബറിന് സമീപത്തായി ധാരാളം സ്വകാര്യ ഐസ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നതിനാൽ ഐസിന് ക്ഷാമം നേരിടുന്നില്ല. ഐസ് പ്ലാന്റ് കോൾഡ് സ്റ്റോറേജ് കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് മത്സ്യ ഫെഡുമായി കൂടിയാലോചന നടന്നുവരുന്നു. ഹാർബറിലെ വെളിച്ചക്കുറവ് പരിഹരിക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ പ്രവൃത്തി ഇതിനോടകം ടെണ്ടർ ചെയ്ത് ഉടൻ ആരംഭിക്കുന്നതാണ്. ചോമ്പാൽ ഹാർബറിൽ ഡീസൽ, മണ്ണെണ്ണ ബങ്ക് സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനും മത്സ്യ ഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുരിയാടി എന്ന

പ്രദേശം ചോമ്പാൽ ഹാർബറിൽനിന്നും 7 കിലോമീറ്റർ മാത്രം അകലെയാണ് സ്ഥിതി ചെയ്യുന്നത്. പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ആവശ്യം മുൻനിർത്തി ഇവിടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന ഒരു ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിച്ചിട്ടുമുണ്ട്. ഇതൊരു മത്സ്യബന്ധന തുറമുഖമായി വിപുലീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ധാരാളം അന്വേഷണ-ഗവേഷണ പഠനങ്ങൾക്കുശേഷം മാത്രമേ ഇവിടെ ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ സാധിക്കു. 59 ലക്ഷം രൂപ ഭരണാനുമതി നൽകിയെന്നത് ശരിയാണ്. നിരവധി പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി പൂർത്തീകരിച്ചുകഴിഞ്ഞു. നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ പോലുള്ള ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ കഴിയൂ എന്ന കാര്യം ബഹുമാനപ്പെട്ട വടകര അംഗത്തിന് അറയാം. എന്നാൽ അങ്ങ് ചൂണ്ടിക്കാണിച്ച ഈ പദ്ധതിയുടെ പ്രത്യേക ഡി.പി.ആർ. ഗവൺമെന്റിന് കൊടുക്കാൻ സംസ്ഥാന ഫിഷറീസ് വകുപ്പ് തീരുമാനിച്ചു. അതിന്റെ പ്രാഥമിക എസ്റ്റിമേറ്റ് അടിയന്തരമായി 10 ദിവസത്തിനകം കൊടുക്കാനുള്ള

തീരുമാനമെടുത്തത് പ്ലാൻ ചെയ്തുകൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റുമായി ഇക്കാര്യം സംസാരിച്ചു. ഇതിന് പൂർണ്ണമായ സഹായം ലഭ്യമാക്കാമെന്ന ഉറപ്പും വാങ്ങിയിട്ടുണ്ടെന്ന കാര്യവും അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>പനച്ചിക്കാട് സപ്ലൈകോ ഔട്ട്‌ലെറ്റിന്റെ തുടർപ്രവർത്തനം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കോട്ടയം നിയോജകമണ്ഡലത്തിലെ പനച്ചിക്കാട് പഞ്ചായത്തിൽ കഴിഞ്ഞ 12 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സപ്ലൈകോയുടെ ഒരു ഔട്ട്‌ലെറ്റുണ്ട്. ആ ഔട്ട്‌ലെറ്റ് പൂട്ടാൻ പോകുന്നുവെന്നുപറഞ്ഞ് അവിടെ ചില ഇൻഫർമേഷൻ ലഭിച്ചതായാണ് ഞാൻ മനസ്സിലാക്കുന്നത്. വേറെ കെട്ടിടം അന്വേഷിക്കണമെന്ന് പറഞ്ഞ് അവർ ചില ആളുകൾക്ക് ഇൻസ്ട്രക്ഷൻസും നൽകിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയിൽ ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ നിലനിൽക്കുന്ന ചെറിയ സൗകര്യമെങ്കിലും തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടിയെടുക്കണമെന്നും അടയ്ക്കാനുള്ള ഇൻസ്ട്രക്ഷൻ നൽകിയിട്ടുണ്ടെങ്കിൽ അത് നിർത്തിവയ്ക്കണമെന്നുമാണ് എന്റെ അഭ്യർത്ഥന.

പനച്ചിക്കാട് സപ്ലൈകോ ഔട്ട്‌ലെറ്റിന്റെ തുടർപ്രവർത്തനം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ വിഷയം വളരെ ഗൗരവമായിത്തന്നെയാണ് എടുത്തിട്ടുള്ളത്. കോട്ടയം സപ്ലൈകോ ഡിപ്പോയുടെ കീഴിലുള്ള പനച്ചിക്കാട് പഞ്ചായത്തിലെ പരുത്തുംപാറ സൂപ്പർ മാർക്കറ്റ് നിലവിൽ പ്രവർത്തിക്കുന്നത് 1440 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വാടക കെട്ടിടത്തിലാണ്. വിറ്റുവരവ് വളരെക്കുറവായ നിലവിലെ സാഹചര്യത്തിൽ ഇത്തരം വിൽപ്പനശാല പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക നൽകുന്നത് സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നു. പ്രസ്തുത സാഹചര്യത്തിലാണ് കുറഞ്ഞ വിസ്തൃതിയുള്ള അനുയോജ്യമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് സൂപ്പർ മാർക്കറ്റ് മാറ്റുന്നതിനുള്ള സാധ്യത പരിശോധിച്ചത്. എന്നാലും പ്രസ്തുത സൂപ്പർ മാർക്കറ്റ് പനച്ചിക്കാട് പഞ്ചായത്തിലെ ആകെയുള്ള സപ്ലൈകോ വിൽപ്പന ശാലയാണെന്നുള്ളത് പരിഗണിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത ഔട്ട്‌ലെറ്റ് നിലനിർത്തിക്കൊണ്ടുപോകുന്നതിന് പഞ്ചായത്തിന്റെകൂടി സഹകരണം സപ്ലൈകോ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള

മാസങ്ങളിലെ വിൽപ്പനകുടി പരിഗണിച്ച് പഞ്ചായത്തുമായി ചർച്ച നടത്തി ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## കർഷകർക്ക് ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം

ശ്രീ. എം. വിജിൻ : സർ, എന്റെ മണ്ഡലത്തിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം വില്ലേജിലെ കയ്യം പ്രദേശത്ത് നാൽപ്പതോളം കർഷക കുടുംബങ്ങൾ 1903-നും 1964-നും ഇടയിൽ ഭൂമി രജിസ്റ്റർ ചെയ്ത് ആധാരങ്ങളുള്ളവരും പട്ടയം ലഭിച്ച് നിയമാനുസൃതം കൈവശം വച്ച് ഭൂനികുതി അടച്ചുവരുന്നതുമായിരുന്നു. എന്നാൽ 1995-ൽ ഈ വില്ലേജിൽ റീ സർവ്വേ നടക്കുകയും റീ സർവ്വേ റിക്കാർഡുകൾ പ്രസിദ്ധീകരിച്ചപ്പോൾ കൈവശക്കാരുടെ ഭൂമിയെല്ലാം മിച്ചഭൂമിയിൽപ്പെട്ടതാണെന്ന് രേഖപ്പെടുത്തുകയുണ്ടായി. ഇതിനെത്തുടർന്ന് അവിടത്തെ കർഷകർ 11-04-2022-ന് ലാൻഡ് ബോർഡിനെ സമീപിക്കുകയും ഭൂമിയെല്ലാം യഥാർത്ഥ കൃഷിക്കാരുടേതാണെന്ന് ലാൻഡ് ബോർഡ് ഉത്തരവ് വരികയുമുണ്ടായി. എന്നാൽ റവന്യൂ അധികാരികൾ ഭൂനികുതി വാങ്ങാൻ തയ്യാറായില്ല. അവർ ഗവൺമെന്റിനെ സമീപിച്ചു. 03-03-2015-ന്

ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് നിലവിൽ കേസ് നടന്നുവരികയാണ്. 2015-ൽ രജിസ്റ്റർ ചെയ്ത കേസിന്റെ തുടർ നടപടികളൊന്നുമുണ്ടായിട്ടില്ല. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടായി കൈവശ കൃഷിക്കാർ യഥാർത്ഥ ഉടമകളാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിക്കുന്നത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നയിച്ച നവകേരളസദസ്സിന്റെ പ്രത്യേക പരാതിയിൽ ലഭ്യമാകുകയും ചെയ്ത വിഷയമാണിത്. പട്ടുവം വില്ലേജിലെ കയ്യംതടം എന്ന പ്രദേശത്ത് ഭൂമി കൈവശം വച്ചുവരുന്ന കർഷക കുടുംബങ്ങൾക്ക് മിച്ചഭൂമി പട്ടയം നൽകാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. എന്നാൽ പ്രസ്തുത ഭൂമി മിച്ചഭൂമിയല്ലായെന്ന് താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ പതിവ് നടപടി തുടരാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. 1995-ൽ പട്ടുവം

വില്ലേജിൽ റീ-സർവ്വേ നടന്നതിനെത്തുടർന്ന് പ്രസ്തുത സ്ഥലം ശ്രീ. പ്രിനി നമ്പൂതിരിയിൽനിന്ന് ഏറ്റെടുത്ത മിച്ചഭൂമിയിലുൾപ്പെട്ടതാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ തളിപ്പറമ്പ് താലൂക്ക് ലാൻഡ് ബോർഡിലെ 02-02-2011-ലെ TLB 1636/73/TBA ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം മിച്ചഭൂമിയിൽപ്പെട്ടതല്ലെന്ന് ഉത്തരവാകുകയുണ്ടായി. ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കുന്നതിനായി താലൂക്ക് സർവ്വേയർ സ്ഥല പരിശോധന നടത്തിയതിൽ മുൻ സർവ്വേ നമ്പർ 67/2-A-യിൽപ്പെട്ടതും റീ-സർവ്വേ നമ്പർ 80, 81-ൽപ്പെട്ടതുമായ മിച്ചഭൂമിതന്നെയാണ് കക്ഷികൾ കൈവശം വച്ചുവരുന്നതെന്ന് കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിലാണ് താലൂക്ക് ലാൻഡ് ബോർഡിന്റെ 02-02-2021-ലെ ഉത്തരവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ CRP 126/2015 ആയി റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, അത് ഇതുവരെ തീർപ്പാക്കിയിട്ടില്ലാത്തതുമാണ്. ഒരു ഘട്ടത്തിൽ ഹൈക്കോടതിയിലുള്ള റിവിഷൻ പെറ്റീഷൻ പിൻവലിച്ച് കൈവശ ഭൂമിക്ക് പട്ടയം നൽകാനാകുമോയെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ റവന്യൂ വകുപ്പ് പരിശോധിച്ചിരുന്നു. എന്നാൽ റിവിഷൻ ഹർജി പിൻവലിച്ചാൽ

മിച്ചഭൂമിയല്ലെന്നുള്ള താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് അനുസരിക്കേണ്ടിവരുമെന്നും അത്തരം സാഹചര്യത്തിൽ പട്ടയം നൽകാൻ സാധിക്കില്ലെന്ന് നിയമ വകുപ്പ് ഉപദേശം നൽകുകയുണ്ടായി. ആയതിനാൽ റിവിഷൻ ഹർജി പിൻവലിക്കരുതെന്നാണ് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഭൂമി മിച്ചഭൂമിയല്ലെന്നുള്ള TLB ഉത്തരവ് നിലനിൽക്കുന്നിടത്തോളം ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമിയിലെ കൈവശക്കാരെന്ന നിലയിൽ പട്ടയം നൽകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് എത്രയും വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം പല ഘട്ടങ്ങളിലായി ജില്ല, റവന്യൂ, നിയമസഭയിലുൾപ്പെടെ ഉന്നയിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ ഈ പ്രശ്നം നവകേരളസദസ്സിൽ ലഭ്യമായ പരാതിയുടെകൂടി അടിസ്ഥാനത്തിൽ വളരെ ആഴത്തിൽ പരിശോധിക്കുകയുണ്ടായി. ഇതിനോടൊപ്പംതന്നെ ലാൻഡ് ട്രിബ്യൂണലുകൾ നൽകിയിട്ടുള്ള ക്രയസർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ വിവിധ രേഖകളുടെ

അടിസ്ഥാനത്തിലാണ് കർഷകർ ഭൂമി കൈവശംവച്ചിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ രേഖകൾ പരിശോധിച്ചും കൈവശത്തിന്റെ അടിസ്ഥാനത്തിലും ഭൂമിക്ക് കരം ഒടുക്കി നൽകാനുള്ള നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ വളരെ വേഗത്തിൽത്തന്നെ തീരുമാനമാക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

റെഗുലേറ്ററുകളും ഷട്ടറും പ്രവർത്തനക്ഷമമാക്കൽ

ശ്രീ. കെ. വി. സുമേഷ്: സർ, ചിറക്കൽ-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ ശ്രദ്ധേയമായ ഒരു കാർഷിക പദ്ധതിയാണ് കാട്ടാമ്പള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി. ആ റെഗുലേറ്ററിന്റെയും ഷട്ടറുകളുടെയും പ്രവർത്തനം ഇപ്പോൾ തകരാറിലായിരിക്കുകയാണ്. 1957-ൽ ചർച്ച ആരംഭിക്കുകയും 1966-ടെയുമാണ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന ഒട്ടേറെ ജനങ്ങൾ താമസ്സിക്കുന്ന ചിറക്കൽ, നാറാത്ത്, വളപട്ടണം എന്നീ പഞ്ചായത്തുകളിലുള്ള കൃഷിക്കാർക്ക് ഏറ്റവും നല്ലൊരു പദ്ധതിയായാണിതുവന്നത്. പുഴയിലെ ശുദ്ധജലം ഉപ്പുവെള്ളം കയറാതെ സംരക്ഷിച്ച് കൃഷിക്ക് അനുയോജ്യമായ നിലയിൽ

വെള്ളം ലഭ്യമാക്കുന്ന ഒരു പദ്ധതിയായിരുന്നു അത്. പക്ഷെ റെഗുലേറ്ററിനും ഷട്ടറുകൾക്കുമെല്ലാം കാലപ്പഴക്കത്തിന്റെ ഭാഗമായുണ്ടായ ചോർച്ചകൾ കൃഷിക്കാരെ സാരമായി ബാധിച്ചിരിക്കുകയാണ്. 2020-ലെ കഴിഞ്ഞ സർക്കാർ ആ പദ്ധതിക്ക് ആവശ്യമായ സിവിൽ, മെക്കാനിക്കൽ വർക്കുകൾ ടെണ്ടർ ചെയ്യുകയും അതിന്റെ ഭാഗമായി ചില കാര്യങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. പക്ഷെ പൂർണ്ണമായും ഷട്ടറുകളുടെ ചോർച്ച മാറ്റാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനോട് ഈ സബ്മിഷനിലൂടെ അത് പരിഹരിക്കുകയാണെങ്കിൽ ഒട്ടേറെ കൃഷിക്കാർക്ക് ഗുണപ്രദമായ പദ്ധതിയായിമാറുമെന്നാണ് അറിയിക്കാനുള്ളത്. ടെണ്ടറിലുൾപ്പെടെയുള്ള സാങ്കേതികമായ പ്രശ്നങ്ങളാണ് തുടർ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇതിലിടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയെക്കുറിച്ചാണ് ബഹുമാന്യനായ എം.എൽ.എ. ഇവിടെ

സൂചിപ്പിച്ചത്. വളപട്ടണം പുഴയുടെ പ്രധാന പോഷക നദിയായ കാട്ടാമ്പള്ളി പുഴയിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുക, വെള്ളപ്പൊക്കം നിയന്ത്രിക്കുക, ജലഗതാഗതം സാധ്യമാക്കുക തുടങ്ങിയ വിവിധ ഉദ്ദേശ്യങ്ങൾ ലക്ഷ്യമിട്ടാണ് 3668 ഏക്കറിൽ കാർഷിക ഭൂമിക്ക് ഉപയുക്തമാകുന്ന രീതിയിൽ വിഭാവനം ചെയ്ത് 1958-ൽ ആരംഭിച്ച് 1966-ൽ പൂർത്തീകരിച്ച കണ്ണൂർ ജില്ലയിലെ ആദ്യത്തെ ജലസേചന പദ്ധതികളിലൊന്നാണ് കാട്ടമ്പള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്. ഈ റെഗുലേറ്റർ-കം-ബ്രിഡ്ജിന് 6 മീറ്റർ വീതിയും 13 സ്പാനുകളുമാണുള്ളത്. വളപട്ടണം പുഴ കാട്ടാമ്പുഴ പുഴയുമായി ചേരുന്ന 400 മീറ്ററോളം വീതിയുണ്ടായിരുന്ന ഭാഗത്ത് 300 മീറ്ററോളം ദൈർഘ്യത്തിൽ പുഴയിൽ റോഡോടുകൂടി ..... നിർമ്മിച്ചും ശേഷിക്കുന്ന നൂറ് മീറ്റർ ദൈർഘ്യത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിച്ചുമാണ് പദ്ധതി പൂർത്തിയാക്കിയിരുന്നത്. 2012-ൽ റെഗുലേറ്ററുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് 44 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നെങ്കിലും കരാറുകാരൻ 55 ശതമാനം അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത ടെണ്ടറിന് അംഗീകാരം നൽകാൻ സാധിച്ചില്ല. റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ കേടുവന്ന

സ്റ്റീൽ ഷട്ടറുകൾ മാറ്റിസ്ഥാപിക്കുക, പൊജസ്റ്റിംഗ് മെക്കാനിസം മാറ്റി സ്ഥാപിക്കുക, തൂണുകൾ ബലപ്പെടുത്തുക, ഏപ്രൺ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തുക തുടങ്ങിയ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായിട്ടാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 6.70 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പടി പ്രവൃത്തികൾക്കായി 3 തവണ ഇ-ടെണ്ടർ ക്ഷണിക്കുകയും ഒരു തവണ ഇ-ക്വേട്ടഷൻ ക്ഷണിക്കുകയും ചെയ്തു. എന്നാൽ കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനാൽ മാന്വൽ ക്വട്ടേഷൻ ക്ഷണിക്കുകയും ഇതിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 60 ശതമാനം അധികമായതിനാൽ അംഗീകാരം നൽകാനായില്ല. സൈറ്റ് കണ്ടിഷൻ പുനഃപരിശോധിച്ച് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റീൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പല മാറ്റങ്ങൾ വരുത്തി 240 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ഒരുവർഷ പൂർത്തീകരണ കാലാവധിയിൽ പ്രവൃത്തി സ്ഥലം 14-01-2022-ന് കരാറുകാരന് കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്. കാലവർഷത്തിന്റെ കാഠിന്യം

കുറയുന്ന മുറയ്ക്ക് ആഗസ്റ്റ് അവസാനത്തോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് കരാറുകാർ ബോധിപ്പിച്ചിരുന്നുവെങ്കിലും പൂർത്തീകരണ കാലാവധി അവസാനിക്കുന്നതുവരെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് അനുകൂല കാലാവസ്ഥയിലും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ സിവിൽ പ്രവൃത്തികൾ റദ്ദ് ചെയ്ത് നിലവിൽ മെക്കാനിക്കൽ വിഭാഗം പ്രവൃത്തികൾ മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരികയാണ്. കരാറുകാർ ഭീമമായ തുക രേഖപ്പെടുത്തിയ സാഹചര്യത്തിൽ ആർ.സി.ബി.-യുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി വിളിച്ചുചേർത്ത 11-05-2023-ലെ പ്രവൃത്തി അവലോകനയോഗ തീരുമാനപ്രകാരം റെഗുലേറ്ററിന്റെ ജലവിതാനത്തിന് താഴെവരുന്ന ഭാഗത്തെ കേടുപാടുകൾ കൃത്യമായി കണ്ടെത്തുന്നതിന് പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തി. KERI ഡയറക്ടറുൾപ്പെടെയുള്ള

ഉദ്യോഗസ്ഥർ 20-10-2023- ന് സ്ഥല പരിശോധന നടത്തുകയും സോയിൽ ഇൻവെസ്റ്റിഗേഷനും സ്ട്രക്ച്ചർ ഇൻവെസ്റ്റിഗേഷനും നടത്തുന്നതിന് ഏകദേശം 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 2024-25 സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തി വളരെപ്പെട്ടെന്ന് ഇത്തരം പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനാവശ്യമായ നടപടികൾ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ സാധിക്കും. വളരെ പ്രാധാന്യമുള്ള പ്രവൃത്തി എന്ന രീതിയിൽ അതിന് അടിയന്തര പ്രാധാന്യവും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, ബഹുമാന്യനായ കുന്നത്തുനാട് അംഗം ഇവിടെ ഉയർത്തിയത് വളരെ ഗൗരവമായ ഒരു വിഷയമാണ്. രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വളരെക്കാലം മുമ്പുനടന്ന ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നത്. ഇത് കുറേക്കാലമായി നിലനിൽക്കുന്ന ഒരു പ്രശ്നമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. കേസുമായി ബന്ധപ്പെട്ട് ഒരു ഉത്തരവും നിലനിൽക്കുന്നുണ്ട്. ഇതിൽ, ഹർജിക്കാരുടെ ആവശ്യങ്ങൾക്ക് ഏതുരീതിയിൽ പരിഹാരം

കണ്ടെത്താമെന്നും നിയമാനുസൃതമായ അവരുടെ പുനരധിവാസം സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടർക്കും സർക്കാരിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയിൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളുടെ വാദം നേരിൽ കേൾക്കുകയും ഇക്കാര്യത്തെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽതന്നെ ചേർന്ന യോഗത്തിൽ, ഈ സ്ഥലത്ത് ഇ-വേസ്റ്റ് റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കുകയുണ്ടായി. നിലവിൽ അത് പ്രായോഗികമായിട്ടില്ല. Polluter pays എന്നതാണ് ഇതിന്റെ principle. Principle അനുസരിച്ച് കമ്പനികളാണ് നിലപാട് സ്വീകരിക്കേണ്ടതെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുമുണ്ട്. എന്നാൽ ഹൈക്കോടതി ഹർജിയുടെ തീരുമാനങ്ങൾ പാലിച്ചില്ലെന്ന കോടതി അലക്ഷ്യം സംബന്ധിച്ച കേസ് ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതിന്റെ തുടർച്ചയിൽ അവിടെത്തെ മലിനീകരണ സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദസമിതിയെ രൂപീകരിച്ചിരുന്നു. ആവശ്യമായ പഠനം നടത്തി ATR (Action taken report) സമർപ്പിക്കാൻ ജില്ലാകളക്ടറുടേയും സ്ഥലം എം.എൽ.എ.-യുടേയും നേതൃത്വത്തിൽ വിദഗ്ദ സമിതി സ്ഥല

പരിശോധന നടത്തിയിട്ടുണ്ട്. അവരുടെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് താരതമ്യ പഠനം നടത്തുന്നതിനായി വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ 16,7-ാം വാർഡുകളിലെ ജനങ്ങളെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മലിനീകരണ സാധ്യതയെക്കുറിച്ച് പഠിക്കാനായി മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തരം അയ്യൻകുഴി പ്രദേശത്ത് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതും ആയതിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2023 ഡിസംബർ മാസം 28, 29 തീയതികളിലും 30-01-2024-ലും മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്താനായി ബോർഡ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയപ്പോൾ പ്രദേശവാസികൾ എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് മലിനീകരണ സാധ്യത തെളിയിക്കാനുള്ള മോണിറ്ററിംഗ് നടത്താൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന് സാധിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഫിഡവിറ്റായി നൽകിയിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ബി.പി.സി.എൽ., എച്ച്.ഒ.സി.- ഇവയാണ്

നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ പുതിയ പദ്ധതികൾ നിലവില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ പരിഗണനയില്ലെന്നാണ് ബി.പി.സി.എൽ. സർക്കാരിനെ അറിയിച്ചിട്ടുള്ളത്. കോടതി നടപടികളുടെ തുടർച്ചയിൽ ആവശ്യമായ കാര്യങ്ങൾ പിന്നീട് പരിഗണിക്കുന്നതാണ്.

ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ് ഗതാഗത യോഗ്യമാക്കൽ

ശ്രീ. യു. എ. ലത്തീഫ്:സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പാണ്ടിക്കാട് വരെയുള്ള റോഡ് ഏകദേശം രണ്ട് വർഷത്തിലധികമായി പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്. ഇക്കാര്യം ഞാൻ നിയമസഭയിൽ നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ തവണവും ഇത്തവണയും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വച്ചത്. ചീഫ് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് അയച്ചപ്പോൾ ബഡ്ജറ്റ് പ്രൊവിഷനില്ലെന്ന് സൂചിപ്പിച്ച് മടക്കി അയച്ചു. ഈ റോഡ് അടിയന്തരമായി റബ്ബറൈസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ, മഞ്ചേരി സെൻട്രൽ ജംഗ്ഷൻ മുതൽ ചെരണി വരെയുള്ള റോഡിന്റെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രി നേരിൽ കണ്ട് ബോധ്യപ്പെട്ടതാണ്. മഞ്ചേരി - ഊട്ടി റോഡിലെ 1.5 കിലോമീറ്റർ

ഭാഗം ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് മഞ്ചേരി റോഡ് പുനരുദ്ധരിച്ച് മഞ്ചേരി പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്):സർ, പാണ്ടിക്കാട് - പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് ചുങ്കം വരെ, മഞ്ചേരി ഡിവിഷന്റെ കീഴിൽ വരുന്ന മുള്ള്യാക്കുറിശ്ശി പാണ്ടിക്കാട് റോഡിന്റെ ഭാഗമാണ്. ഈ റോഡിന്റെ നിലവിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. റോഡ് പുനരുദ്ധാരണത്തിനായി 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിപ്പോൾ ആർ.പി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്; അത് പരിശോധിച്ചുവരികയാണ്. റോഡ് നവീകരണത്തിനായി ഫണ്ട് അനുവദിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കണ്ണാടി-പന്നിക്കോട് റോഡ് നവീകരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കണ്ണാടി-പന്നിക്കോട് റോഡ് കിഫ്ബി മുഖാന്തരം നവീകരിക്കുന്നതിന് ഒന്നാം പിണറായി സർക്കാർ തീരുമാനിച്ചതുപ്രകാരം

നടപ്പാക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കുന്നത്. 2016-ലാണ് പിണറായി സർക്കാർ ഇത് പ്രഖ്യാപിച്ചത്. ആലത്തൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെയായി കിഫ്ബി നടപ്പാക്കാൻ തീരുമാനിച്ച ഏക റോഡാണിത്. 9 കി.മീ. ദൂരം വരുന്ന ഈ റോഡിലെ 8 കി.മീ ദൂരവും ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. അതിൽ 7.5 കി.മീ. തേൻകുറിശ്ശി പഞ്ചായത്തിന്റെ ഹൃദയരേഖ പോലെ കിടക്കുന്ന റോഡാണ്. പാലക്കാട് നഗരത്തിൽനിന്ന് നെല്ലിയാമ്പതി, പോത്തുണ്ടി പോലുള്ള പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന റോഡാണിത്. മഹാഭൂരിപക്ഷം സ്ഥലങ്ങളിലും കിഫ്ബി മാനദണ്ഡപ്രകാരമുള്ള സ്ഥലം തുടക്കത്തിൽത്തന്നെ ഉണ്ടായിരുന്നു. പിന്നീട് അതിന്റെ സർവ്വേ നടപടികൾ വേണ്ടരൂപത്തിൽ നടപ്പാക്കാൻ ബന്ധപ്പെട്ടവർ തയ്യാറായില്ല. നിരന്തരമായി ഇടപെട്ടതിനുശേഷമാണ് നിലവിലുള്ള റോഡിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ചർച്ചകൾ ആരംഭിച്ചത്. എല്ലാ ഭൂവുടമകളുടെയും യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. എല്ലാവരും ആ റോഡിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും അതിനുള്ള എഫ്.എസ്. ലഭിക്കുകയും ചെയ്തു.

അതിനുശേഷം ഉന്നതതല യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. പിന്നീട് തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്ന വാർത്ത പടർന്നത് ജനങ്ങളിൽ വലിയ അമർഷമാണ് ഉണ്ടാക്കിയത്. ജനപ്രതിനിധികളും ജനങ്ങളുമെല്ലാം നിരന്തരമായി ഈ റോഡിന്റെ വിഷയത്തിൽ ഇടപെട്ട് യോഗം ചേർന്ന് ആവശ്യമായ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. പെട്ടെന്ന് റോഡ് പ്രവൃത്തി നിലച്ചുപോകുമോയെന്ന ആശങ്ക ഇപ്പോൾ നേരിടുകയാണ്. അതിനാൽ അടിയന്തരമായി കണ്ണാടി-പന്നിക്കോട് റോഡിന്റെ നിർമ്മാണം പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. കെ. ഡി. പ്രസേനൻ ചൂണ്ടിക്കാണിച്ചതുപോലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ച റോഡാണ് കണ്ണാടി-പന്നിക്കോട് റോഡ്. പദ്ധതിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 24.9 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ തുടരുകയാണ്. എന്നാൽ ചില സാങ്കേതിക വിഷയങ്ങൾ ചൂണ്ടിക്കാട്ടി ചില പദ്ധതികൾ താൽക്കാലികമായി മരവിപ്പിക്കുന്നതായി കിഫ്ബി അറിയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ചില

വിഷയങ്ങളും നിലനിൽക്കുന്നുണ്ട്. പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തി മുന്നോട്ടുപോയ സാഹചര്യത്തിൽ, പദ്ധതിയുമായി മുന്നോട്ടുപോകാൻ നിലവിൽ കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 1.42 കോടി രൂപയുടെ റീ സർഫസിംഗ് പ്രവൃത്തി നടത്തിയിരുന്നു. അതിന് DLP നിലനിൽക്കുന്നുണ്ട്.

## പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാട് ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട അതിപ്രധാനമായ തടസ്സം വയനാടിന്റെ കണക്റ്റിവിറ്റി ഇഷ്യൂ ആണ്. വയനാട്ടിൽ വളർന്നുവരുന്ന പ്രധാനപ്പെട്ട മേഖല ടൂറിസമാണ്. അക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും അറിയാവുന്നതാണ്. അദ്ദേഹം അവിടം സന്ദർശിക്കുന്നതും പ്രവൃത്തിയുടെ ഏകോപനത്തിന് നേതൃത്വം കൊടുക്കുകയും ചെയ്യുന്നയാളാണ്. നിലവിൽ 18 തവണ അവിടേയ്ക്ക് സഞ്ചരിക്കുന്ന സമയത്ത് ബ്ലോക്കിൽപ്പെട്ടയാളാണ് ഞാൻ. എത്ര രോഗികൾ, എത്ര ആളുകൾ, യാത്രക്കാർ, ഒഫീഷ്യൽസ് തുടങ്ങി ഒരു ജില്ലയുടെ വളരാനുള്ള എല്ലാ സാധ്യതയും ഇത് തകർക്കുകയാണ്. നേരത്തെതന്നെ ഇക്കാര്യം നിയമസഭയിൽ പലതവണ

സൂചിപ്പിച്ചിട്ടുണ്ട്. വകുപ്പുമന്ത്രിയോടും നേരിട്ട് സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പരിഗണിക്കാമെന്ന് അനുഭാവപൂർവ്വം പറഞ്ഞിട്ടുമുണ്ട്. ചുരം ബൈപ്പാസ്, പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് എന്നിവ പ്രത്യേക താൽപ്പര്യമെടുത്ത് മുന്നോട്ട് പോകണം. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ 70 ശതമാനം വർക്ക് പൂർത്തീകരിച്ചതാണ്. 1994-ൽ ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് തറക്കല്ലിട്ട പദ്ധതിയാണ്. അതുമായി ബന്ധപ്പെട്ട് പേരാമ്പ്ര - കൽപ്പറ്റ ഭാഗങ്ങളിലായി ഇനി പത്ത് കിലോമീറ്റർ ദൂരം മാത്രമാണ് പൂർത്തിയാകാനുള്ളത്. ആ പത്ത് കിലോമീറ്റർ ഭാഗത്തും റോഡുണ്ട്; വെസ്റ്റഡ് ഫോറസ്റ്റാണ്. വെസ്റ്റഡ് ഫോറസ്റ്റിൽ സംയുക്ത സർവ്വേ നടത്തുകയുണ്ടായി. അതിൽ സൂചിപ്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട കാര്യം, അവിടെ ഹെയർപിൻ ബെന്റ്, വലിയ കുറ്റൻ പാലങ്ങൾ തുടങ്ങിയവ ആവശ്യമില്ലെന്നും കൂടാതെ വലിയ വനപ്രദേശങ്ങൾ ഇല്ലാത്തതുകൊണ്ടും ഈ റോഡ് പൂർത്തിയാക്കാൻ കേവലം 100 കോടി രൂപ മതിയെന്നുമാണ്. ഈ വിഷയം പാർലമെന്റിൽ എം.പി.-യായ ശ്രീ. കെ. മുരളീധരൻ ഉന്നയിച്ചു. വളരെ പോസിറ്റീവായാണ് വനം വകുപ്പുമന്ത്രി പ്രതികരിച്ചത്.

ഇതുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല യോഗം വിളിക്കാമെന്ന് ബഹുമാനപ്പെട്ട

പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉറപ്പുനൽകിയിട്ടുണ്ട്. അതുകൊണ്ട് വനം-റവന്യൂ വകുപ്പുമന്ത്രിമാരെക്കൂടി ഉൾപ്പെടുത്തി അടിയന്തരമായി ഇക്കാര്യത്തിൽ മുൻകയ്യെടുത്ത് ജില്ലയുടെ വികസനത്തിനുവേണ്ടി അതിപ്രധാനമായ സ്വപ്നം പ്രാവർത്തികമാക്കാൻ താൽപര്യമെടുക്കണം. വെസ്റ്റഡ് ഫോറസ്റ്റിന് പകരമായിട്ടുള്ള ഭൂമി ജനങ്ങൾ വിട്ടുകൊടുത്തതാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ വിയോജിപ്പാണ് ഇക്കാര്യത്തിലുള്ളത്. കേന്ദ്ര സർക്കാരിന്റേയും പുതിയ സമീപനമുണ്ട്. അതുകൊണ്ട് പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്, ബദൽ റോഡുകൾ ഇവ ബാംഗ്ലൂരുമായും തമിഴ്നാടുമായുമുള്ള കണക്റ്റിവിറ്റി, മലബാറിന്റെ വികസനം എന്നിവയിൽ പ്രധാനമായ ഭാഗമാണ്. അതുകൊണ്ട് പ്രത്യേക താൽപ്പര്യമെടുത്ത് ഇത് പൂർത്തീകരിച്ചുതരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. ടി. സിദ്ദിഖ് ഉന്നയിച്ച വിഷയം നേരത്തെ സഭയിൽ നമ്മൾ ചർച്ച ചെയ്തിരുന്നു. കോഴിക്കോട് ജില്ലയിൽനിന്നും വയനാട് ജില്ലയിലേയ്ക്കുള്ള പ്രധാനപ്പെട്ട പാതയായ താമരശ്ശേരി ചുരത്തിന് ബദൽ പാതയായി പരിഗണനയിലുള്ള പടിഞ്ഞാറത്തറ-പൂഴിത്തോട് ചുരം ബദൽ

പാത കോഴിക്കോട് ജില്ലയിലെ പൂഴിത്തോട് നിന്നാരംഭിച്ച് വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ അവസാനിക്കുന്നതാണ്. നേരത്തെ പറഞ്ഞതുപോലെ ജനപ്രതിനിധികളും വനംവകുപ്പ് മന്ത്രിയും ഇടപ്പെട്ട വിഷയമാണ്. ഈ ബദൽ പാതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ സഭയിലും ചർച്ച ചെയ്ത് കാര്യങ്ങൾ വ്യക്തമാക്കിയതാണ്. നവകേരള സദസ്സിനെതുടർന്ന് മുഖ്യമന്ത്രിയുടെ നിർദ്ദേശംകൂടി ഈ വിഷയത്തിൽ വന്നിരിക്കുകയാണ്. നവകേരള സദസ്സിന് ഇങ്ങനെയുള്ള ഗുണങ്ങൾകൂടി ഉണ്ടെന്ന് ശ്രീ. ടി. സിദ്ദിഖിനെ അറിയിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും മറ്റ് വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് കഴിഞ്ഞ ജനുവരി മാസം 23-ന് വനത്തിൽ പരിശോധന നടത്തിയിരുന്നു. അതിനെത്തുടർന്ന് റോഡ് നിർമ്മാണ സാധ്യത പരിശോധിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ നടപടികൾക്കുള്ള എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. അതിന് അനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളിലേയ്ക്ക് കടക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം വനം വകുപ്പുമന്ത്രിയുമായി ചർച്ചചെയ്യുകയും വനം വകുപ്പിന്റെകൂടി പിന്തുണയുണ്ടെന്നാണ് അദ്ദേഹം

അറിയിക്കുകയും ചെയ്തിട്ടുണ്ട്.  വയനാട് ജില്ലയുടെ ചുമതലകൂടി വനംവകുപ്പ് മന്ത്രിക്കുണ്ട്. എല്ലാവരും യോജിച്ചുനിന്നുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാനാണ് ആഗ്രഹിക്കുന്നത്. ടൂറിസത്തിൽ നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട കേന്ദ്രമായി വയനാട് മാറിയിരിക്കുകയാണ്. ആ പ്രാധാന്യംകൂടി കണക്കിലെടുത്ത് ഈ പദ്ധതി എങ്ങനെയൊക്കെ നടപ്പിലാക്കാൻ സാധിക്കുമോ അങ്ങനെയൊക്കെ ഇടപ്പെടാൻ സർക്കാർ തയാറാണെന്ന് സഭയെ അറിയിക്കുകയാണ്.

വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് യാഥാർത്ഥ്യമാകണമെങ്കിൽ കോഴിക്കോട് ജില്ലയിലെ കുടിയേറ്റ ആദിവാസി മേഖലയായ വാണിമേൽ ഗ്രാമപഞ്ചായത്ത് വിലങ്ങാട് നിന്നും ചുരമില്ല പാതയിലൂടെ കേവലം ആറേക്കാൽ കിലോമീറ്റർ ദൂരം കൊണ്ട് പെരിയാർ ഫോറസ്റ്റ് വഴി വയനാട് ജില്ലയിലെ കുഞ്ഞോമിലെത്താൻ കഴിയും. രണ്ട് കിലോമീറ്റർ ദൂരം തേക്ക് പ്ലാന്റേഷനാണ്. നിലവിൽ നാദാപുരം മണ്ഡലത്തിലെ സ്റ്റേറ്റ് ഹൈവേ കല്ലാച്ചിയിൽനിന്ന് കോഴിക്കോട് ജില്ലയുടെ അതിർത്തി പുല്ലുവവരെ പത്ത്

മീറ്റർ വീതിയുള്ള നല്ല റോഡ് നിലവിലുണ്ട്. ഇതിന്റെ രണ്ട് ഭാഗങ്ങളിലുമായി രണ്ട് കിലോമീറ്ററിലധികം അഞ്ച് മീറ്റർ വീതിയിൽ കൂപ്പ് റോഡ് ഇന്ന് ഫോറസ്റ്റ് ഏര്യയിൽ നിലവിലുണ്ട്. ഈ പാതയിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാതെ വന്യജീവികളുടെ സ്വൈര വിഹാരത്തിന് തടസ്സമാകാതെ മേൽപ്പാത നിർമ്മിക്കാൻ കഴിയും. വാണിമേൽ- നരിപ്പറ്റ പഞ്ചായത്തുകളിലെയും വയനാട്-തൊണ്ടർനാട് പഞ്ചായത്തിലുമായി സ്ഥിതി ചെയ്യുന്ന മുപ്പതു ആദിവാസി കോളനികളുടെ സമഗ്ര വികസനം ഉറപ്പുവരുത്താൻ കഴിയും. ചുരമില്ലാത്ത റോഡ് എന്ന നിലയ്ക്ക് ഈ റോഡ് ഗതാഗതത്തിന് ശാശ്വത പരിഹാരമായി മാറുകയും ചെയ്യും. ഇതിലൂടെ നിലവിലെ ചുരം റോഡിലെ ഗതാഗത കുരുക്കും മാറ്റിയെടുക്കാൻ കഴിയുമെന്ന് മാത്രമല്ല നിലവിൽ രണ്ട് കിലോമീറ്റർ ദൂരത്തിൽ അഞ്ച് മീറ്റർ വീതിയിൽ കൂപ്പ് റോഡിൽ മേൽപ്പാത നിർമ്മിച്ചാൽ പരിസ്ഥിതിക്ക് വലിയ ആഘാതം ഉണ്ടാകുകയില്ല; മാത്രമല്ല വന്യജീവികളുടെ സ്വൈരവിഹാരത്തിന് തടസ്സവുമുണ്ടാകില്ല. കേന്ദ്ര വന നിയമത്തിൽ വന്ന മാറ്റത്തോടെ ഈ വഴി റോഡ് സാധ്യമാകുമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ആയതിനാൽ പ്രസ്തുത പാത നിർമ്മിക്കാൻ വനം- പൊതുമരാമത്ത് വകുപ്പുകൾ സംയുക്ത

പഠനം നടത്തി ഈ റോഡ് യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വിലങ്ങാട് പാലം ഉദ്ഘാടനം ചെയ്യാൻ വന്നപ്പോൾ ബഹുജനസമക്ഷം ജനങ്ങളുടെ ആവശ്യം മുൻനിർത്തി നിവേദനം നൽകിയിരുന്നു; എന്നാൽ തിരക്കുകൊണ്ട് ആ സ്ഥലം സന്ദർശിക്കാൻ അദ്ദേഹത്തിന് കഴിയാതെ പോയി. ആ പ്രശ്നം ഗൗരവപൂർവ്വം പരിഹരിക്കുമെന്ന് മന്ത്രി വ്യക്തമാക്കിയിരുന്നു. അതുകൊണ്ട് വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി-മൈസൂർ റോഡ് യാഥാർത്ഥ്യമാക്കാൻ ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. അതിന് സഹായകരമായി വനം, പൊതുമരാമത്ത്, മറ്റ് വകുപ്പുകൾ എന്നിവയുമായി സംയുക്ത യോഗം ചേരാൻ കൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ജില്ലയിലെ കല്ലാച്ചി-വിലങ്ങാട്, വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി എന്ന സ്ഥലവുമായി ബന്ധിപ്പിക്കുന്ന ആറേക്കാൽ കിലോമീറ്റർ ദൂരത്തിലുള്ള ചുരം റോഡ് നിലവിലുണ്ട്. പ്രസ്തുത റോഡ് വികസനം യാഥാർത്ഥ്യമാകുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിലൂടെ വയനാട്ടിലേക്കുള്ള ബദൽ റോഡായി ഇത്

മാറുന്നതാണ്. റോഡ് നിർമ്മിക്കുന്നതിന് വനത്തിലൂടെ ഭൂമി ഏറ്റെടുക്കൽ ഒരു പ്രധാന പ്രശ്നമാണ്. റോഡ് ഏത് തരത്തിൽ സാധ്യമാക്കാനാകുമെന്ന് വനം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തികഴിഞ്ഞു. നാദാപുരത്ത് പരിപാടിയിൽ പങ്കെടുത്തപ്പോൾ എം.എൽ.എ.-യും സാമൂഹ്യ പ്രവർത്തകരും ചൂണ്ടിക്കാണിച്ചതിന്റെ ഭാഗമായി വനം വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. വനം വകുപ്പുമായി ചേർന്ന് ചർച്ച ചെയ്ത് പരിഹരിക്കാൻ യോഗം വിളിച്ചുചേർക്കുന്നതാണ്. എങ്ങനെയൊക്കെ നടപ്പിലാക്കാൻ കഴിയുമോ അത്തരത്തിലൊക്കെ ഇടപെടാൻ സർക്കാർ തയാറാണ്.

വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും സുപ്രധാനമായ പി.ഡബ്ല്യു.ഡി. റോഡായ വളാഞ്ചേരി-അങ്ങാടിപ്പുറം റോഡിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് സബ്മിഷനായും അങ്ങേയ്ക്കുള്ള കത്തായും ചോദ്യമായും ഏകദേശം പത്ത് പന്ത്രണ്ട് പ്രാവശ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എം.ഇ.എസ്. മെഡിക്കൽ കോളേജ്, ജില്ല ഹോസ്പിറ്റൽ, പന്ത്രണ്ടോളം പ്രൈവറ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിലേയ്ക്ക് ദിവസവും നൂറ് കണക്കിന് ആംബുലൻസുകൾ കടന്നുപോകുന്നതും

ഇരുപതിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള റോഡെന്ന നിലയിലും ഏറ്റവുമധികം വാഹനങ്ങൾ ഈ റോഡിലൂടെയാണ് കടന്നുപോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം പി.ഡബ്ല്യു.ഡി. പ്രയോറിറ്റി ലിസ്റ്റിൽ ഒന്നാമതായാണ് ഈ റോഡിനെ സബ്മിറ്റ് ചെയ്തിട്ടുള്ളത്. ഈ റോഡിന്റെ കുറച്ചുഭാഗം നവീകരിക്കുന്നതിന് രണ്ടു ഗഡുക്കളായി ബഹുമാനപ്പെട്ട മന്ത്രി ഫണ്ട് അനുവദിച്ചിരുന്നു. അതിന് മങ്കടക്കാരുടെ നന്ദി അറിയിക്കുന്നു. പക്ഷേ ഈ റോഡിന്റെ ആറ് മുതൽ പതിനാല് വരെയുള്ള എട്ട് കിലോമീറ്ററോളം ദൂരം നവീകരിക്കുന്നതിനായി നാളിതുവരെ തുക വകയിരുത്തിയിട്ടില്ല. ഏകദേശം പതിമൂന്ന് വർഷങ്ങൾക്ക് മുമ്പാണ് ഏറ്റവുമൊടുവിൽ ഈ റോഡ് ബി.എം. & ബി.സി. ചെയ്തത്. അതിനുശേഷം ഉണ്ടായ രണ്ട് പ്രളയങ്ങളിലും പതിവായുള്ള തീവ്ര മഴയിലും റോഡ് തീരെ സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്. ഏകദേശം പതിമൂന്ന് കോടി രൂപ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടെങ്കിലും 2024-25 ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് നൂറ് രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശബരിമല സ്കീമിലും ഈ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയുന്നു. റോഡ് പൂർണ്ണമായും ഗതാഗത

യോഗ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നു. അതുപോലെ നേരത്തെ ഭരണാനുമതി ലഭിച്ച റീച്ചിന്റെ പ്രവൃത്തി ഇനിയും പൂർത്തിയായിട്ടില്ല. അത് എത്രയുംവേഗം പൂർത്തിയാക്കാൻ വകുപ്പിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാന പാതയിൽ ഉൾപ്പെട്ട വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡിന്റെ വിഷയം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇവിടെ ചർച്ച ചെയ്തതാണ്. റോഡ് നവീകരണം വളരെ അനിവാര്യമാണ്. അതുതന്നെയാണ് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം; അതിൽ മറ്റ് വിലയിരുത്തലുകളില്ല. ഇതിന്റെ ഭാഗമായി രണ്ട് റീച്ചുകളിലായി എട്ടുകോടി രൂപ അനുവദിക്കുകയും നവീകരണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇനി രണ്ട് റീച്ചുകളിൽക്കൂടി അടിയന്തരമായി പ്രവൃത്തി അനിവാര്യമാണ്. ഇതിൽ ഒരു റീച്ചിന് ഏഴുകോടിരൂപയുടെ എസ്റ്റിമേറ്റ് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ഇത് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. അധികം വൈകാതെ നമുക്ക് അക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കും. മറ്റൊരു റീച്ചിന് അഞ്ചുകോടി രൂപയുടെ

എസ്റ്റിമേറ്റ് കൂടി സമർപ്പിച്ചിട്ടുണ്ട്. അതിന് എത്രയുംവേഗം ഭരണാനുമതി നൽകാനാണ് ശ്രമിക്കുന്നത്. ഇതിന്റെ ഗൗരവം അതേ അർത്ഥത്തിൽ മനസ്സിലാക്കുന്ന വ്യക്തിയും ഒരു സർക്കാരുമാണുള്ളത്. ആ നിലയിൽ ഇക്കാര്യത്തിൽ എങ്ങനെയെല്ലാം സാധ്യമാക്കാനാകുമോ ആ നിലയിൽ ഇടപെടാൻ തയ്യാറാണെന്ന് സഭയെ അറിയിക്കുകയാണ്.

<u>തൃശ്ശൂർ ഡെന്റൽ കോളേജിന്റെയും നേഴ്സിംഗ് കോളേജിന്റെയും പദവി ഉയർത്തൽ</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, വടക്കാഞ്ചേരി മണ്ഡലത്തിലുള്ള തൃശ്ശൂർ ഗവൺമെന്റ് ഡെന്റൽ കോളേജ് നിലവിൽ ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ അഞ്ചു നിലകളോടുകൂടിയുള്ള സ്ട്രക്ച്ചറൽ ഡിസൈൻ അനുസരിച്ചുള്ള ഗ്രൗണ്ട് ഫ്ലോറിലാണ് പരിമിതികളോടെയുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 2022-23 സാമ്പത്തിക വർഷം 36.72 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസിയായി ചുമതലയുള്ള എച്ച്.എൽ.എൽ. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാലരകോടിരൂപയാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനത്തിന്റെ കാലാവധി പതിനെട്ട് മാസമാണ്. ഇതിനാവശ്യമായ

പൂർണ്ണമായ സംഖ്യ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മൂന്നും നാലും നിലകൾകൂടി നിർമ്മിക്കുന്നതോടുകൂടിയേ സ്ട്രക്ച്ചറൽ ഡിസൈൻ അനുസരിച്ച് ഡെന്റൽകോളേജിന്റെ കെട്ടിടം പൂർത്തിയാക്കുകയുള്ളൂ. അതിന് കൂടുതൽ തുക ലഭ്യമാക്കേണ്ടതുണ്ട്. നിർമ്മാണം ആരംഭിച്ച വനിത ഹോസ്റ്റലിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയാക്കാൻ ഭരണാനുമതി ലഭിച്ച പൂർണ്ണമായ സംഖ്യയും ലഭ്യമാക്കണം. ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും കോളേജിന്റെ ഭാവി വികസനത്തിനുമായി ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ സ്ഥലം അനുവദിക്കുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും വേണം. മൂന്ന് ജില്ലകളിലെ രോഗികൾക്ക് ആശ്വാസമായിട്ടാണ് തൃശ്ശൂർ ഗവൺമെന്റ് ഡെന്റൽ കോളേജ് പ്രവർത്തിക്കുന്നത്. ഓറൽ സർജറി വിഭാഗത്തിലെ എല്ലാവിധ സർജറികളും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. പ്രതിദിനം നിരവധി രോഗികളാണ് ഒ.പി.-യിലെത്തുന്നത്. ഈവനിംഗ് ക്ലിനിക്ക് ആരംഭിക്കുക, പി.ജി. കോഴ്സുകൾ അനുവദിക്കുക, സെറാമിക് ലാബ് ആരംഭിക്കുക, സ്വാതന്ത്ര്യ എച്ച്.ഡി.സി. രൂപീകരിക്കുന്നത് ഉൾപ്പെടെ തൃശ്ശൂർ ഡെന്റൽ കോളേജിന്റെ സമഗ്രമായ വികസനം സാധ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിലാണ് തൃശ്ശൂർ ഗവൺമെന്റ് ഡെന്റൽ കോളേജ് ആരംഭിച്ചത്. വിസ്മയകരമായ മാറ്റങ്ങളാണ് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഈ കാലഘട്ടത്തിലുണ്ടായിരിക്കുന്നത്. 2023-ൽ 32 കോടി രൂപയുടെ 24 പദ്ധതികളാണ് പൂർത്തീകരിച്ചത്; അവയെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. അതുകൂടാതെ നിരവധി പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കുറച്ച് വർഷങ്ങളായി കേസ്സിൽ ഉൾപ്പെട്ടിരുന്ന ട്രോമാകെയർ സംവിധാനമുൾപ്പെടെയുള്ളവ യാഥാർത്ഥ്യമാക്കുകയും സർജിക്കൽ ഓങ്കോളജി പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയതുൾപ്പെടെ ഒട്ടനവധി കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഡെന്റൽ കോളേജിനെ സംബന്ധിച്ച വിഷയത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഒന്നാം ഘട്ടം കോളേജ് കെട്ടിട നിർമ്മാണത്തിനായി 19 കോടി രൂപയുടെ ഭരണാനുമതി നൽകുകയും

പ്രസ്തുത പ്രവൃത്തി കൺസൾട്ടൻസി സ്ഥാപനമായ HLL-നെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ground floor-ന്റെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. അതിനുശേഷം 27-04-2023-ൽ ഗവൺമെന്റ് ഉത്തരവുപ്രകാരം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി (ഒന്നും രണ്ടും നിലകൾ നിർമ്മിക്കുന്നതിനുവേണ്ടി) 38.57 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും എച്ച്.എൽ.എൽ.-നെ തന്നെ കൺസൾട്ടൻസി സ്ഥാപനമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ജോലി പൂർത്തിയാകുമ്പോൾ എകദേശം 11 കോടിയോളം രൂപ ചെലവ് വരുമെന്നാണ് കൺസൾട്ടൻസി സ്ഥാപനം അനൗദ്യോഗികമായി അറിയിച്ചിട്ടുള്ളത്. നിലവിൽ നിർമ്മാണ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. ഈ വർഷം അനുവദിച്ച 4.5 കോടി രൂപയിൽ 90 ലക്ഷം രൂപ നിർമ്മാണ കമ്പനിയായ ഹൈറ്റ്സിന് കൺസൾട്ടൻസി ഫീസിനത്തിൽ നൽകിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർക്ക് ആദ്യ ഘട്ടത്തിൽ നൽകേണ്ട മൊബിലൈസേഷൻ

അഡ്വാൻസായ 2 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടി നടന്നുവരികയാണ്. കോൺട്രാക്ടർ സമർപ്പിച്ച ബില്ലിൻമേൽ നിർമ്മാണ ഏജൻസിയും Technical Committee for DME works-ഉം ശിപാർശ ചെയ്ത 19,28,000/- രൂപ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഡി.എം.ഇ. തലത്തിൽ പരിശോധിക്കപ്പെടുന്നുണ്ട്. ഈ തുകകൾ അനുവദിച്ചാലും തൃശ്ശൂർ ഡെന്റൽ കോളേജിനായി അനുവദിച്ച 4.5 കോടി രൂപയിൽ 1.40 ലക്ഷം രൂപ ബാക്കി വരുന്നതാണ്. ഈ സാമ്പത്തിക വർഷത്തെ നിലവിലെ ആവശ്യങ്ങൾക്ക് ഈ തുക മതിയാകുമെന്നാണ് കരുതുന്നത്. അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായ തുക ലഭ്യമാകുന്നമുറയ്ക്ക് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്ലാൻ പ്രൊപ്പോസലിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പുരോഗമിക്കുന്ന ഒന്നുംരണ്ടും നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണെന്ന് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ വനിതാ ഹോസ്റ്റലിന്റെ കെട്ടിട

നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 22-10-2022-നാണ് ആരംഭിച്ചത്. പ്രസ്തുത ജോലി പൂർത്തീകരിച്ചിട്ടുള്ളതാണ്. 04-08-2023-ന് സർക്കാർ ഉത്തരവുപ്രകാരം വനിതാ ഹോസ്റ്റലിന്റെ രണ്ടാംഘട്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 11 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ പദ്ധതികളിൽനിന്ന് ഇതിലേയ്ക്ക് ആവശ്യമായ തുക റീ-അപ്രോപ്രിയേഷൻ മുഖേന കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ പദ്ധതികളിൽ സേവിംഗ്സ് കണ്ടെത്തി പ്രസ്തുത പദ്ധതിക്കായി തുക കണ്ടെത്തുന്നതിന് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഡെന്റൽ കോളേജിനും വനിതാ ഹോസ്റ്റലിനുമായി 5 എക്കർ സ്ഥലമാണ് അനുവദിച്ചിട്ടുള്ളത്. കോളേജ് കെട്ടിടവും വനിതാ ഹോസ്റ്റലും പൂർത്തിയാകുന്നതോടുകൂടി അനുവദിക്കപ്പെട്ട ഏകദേശം സ്ഥലം പൂർണ്ണമായും പ്രയോജനപ്പെടുത്തി തീരുന്നതിനാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ബോയിസ് ഹോസ്റ്റൽ നിർമ്മാണത്തിനായി അധിക സ്ഥലം മെഡിക്കൽ കോളേജ്

ക്യാമ്പസ്സിൽനിന്ന് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. 2022-ൽ ഡെന്റൽ കോളേജിൽ 86223 പേരും കഴിഞ്ഞ വർഷം 97374 പേരും ഒ.പി.-യിൽ ചികിത്സ തേടിയിട്ടുണ്ട്. ലോക കേരളസഭയിൽ നിരന്തരം ഉന്നയിക്കപ്പെടുന്ന ആവശ്യം വിദേശത്തുള്ള മലയാളികൾക്ക് അവിടെ ചെലവ് കൂടുതലായതിനാൽ നമ്മുടെ ഡെന്റൽ കോളേജുകളിൽ ചികിത്സ ലഭ്യമാകുന്ന സംവിധാനമുണ്ടാക്കണമെന്നാണ്. അതിനനുസരിച്ചുള്ള ക്രമീകരണം ഡെന്റൽ കോളേജുകളിൽ വരുത്തുകയാണ്. തൃശ്ശൂർ ഡെന്റൽ കോളേജിലും അതിനുള്ള സംവിധാനം ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: സർ, വൈക്കത്ത് നിർമ്മാണം പൂർത്തിയാക്കിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരെ അനുവദിച്ച് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേയ്ക്കാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വൈക്കത്ത് നിലവിലുണ്ടായിരുന്ന താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ജില്ലാ ആശുപത്രി നിലവാരത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ നാളിതുവരെ ആശുപത്രി പൂർണ്ണമായ നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മെഡിക്കൽ, പാരാമെഡിക്കൽ, ടെക്നിക്കൽ, മിനിസ്റ്റീരിയൽ തുടങ്ങിയ വിവിധ വിഭാഗങ്ങളിലായി 125-ഓളം തസ്തികകളിൽ നിയമനം നടത്തേണ്ടതായിട്ടുണ്ട്. നാളിതുവരെ 5 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, 1 ഓഫീസ് അസിസ്റ്റന്റ് എന്നിങ്ങനെ ആകെ എട്ട് തസ്തികകൾ മാത്രമാണ് അവിടെ അനുവദിച്ചിട്ടുള്ളത്. തികച്ചും പിന്നോക്കാവസ്ഥയിൽപ്പെട്ട സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന വൈക്കത്ത്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി അടിയന്തരമായി പൂർണ്ണമായ രീതിയിൽ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. കോടികൾ ചെലവഴിച്ച് നിർമ്മിച്ച ഈ ആശുപത്രിയിൽ ആവശ്യമായ മുഴുവൻ ജീവനക്കാരെയും നിയമിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ സബ്മിഷനുമായി ബന്ധപ്പെട്ട് തികച്ചും സങ്കേതികമായ ചെറിയ പ്രശ്നമുണ്ടായിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ. എഴുതി

നൽകിയ രണ്ട് സബ്മിഷനുകളിൽ എനിക്ക് നൽകിയ സബ്മിഷന്റെ വിഷയവും ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അനുവദിച്ചുകൊണ്ട് നൽകിയ വിഷയവും രണ്ടും രണ്ടായിരുന്നു. ഈ പ്രശ്നം അവസാന നിമിഷമാണ് കണ്ടെത്തിയത്. ബഹുമാന്യയായ എം.എൽ.എ. ഇവിടെ ഉന്നയിച്ചത് വൈക്കത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയെ സംബന്ധിച്ച കാര്യമാണ്. അതിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നത് താലൂക്ക് ആശുപത്രിയാണ്. താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം കിഫ്ബി പദ്ധതിയിലൂടെ പൂർത്തീകരിച്ചുവരികയാണ്. വളരെ പ്രധാനപ്പെട്ട ആശുപത്രിയാണ് വൈക്കത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി. അവിടെ തസ്തികകൾ സൃഷ്ടിക്കണമെന്നുള്ളത് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയമാണ്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ്, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, പീഡിയാട്രീഷ്യൻ, അനസ്തേഷ്യോളജിസ്റ്റ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ആരോഗ്യവകുപ്പിന്റെയും ധനവകുപ്പിന്റെയും അന്തിമ പരിഗണനയിലാണുള്ളത്. വൈകാതെ തന്നെ

ആശുപത്രി കെട്ടിടം അപ്പുറത്തേയ്ക്ക് മാറുന്നമുറയ്ക്ക് WRC പ്രവർത്തിക്കുന്ന നിലയിലേയ്ക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.